(ഡി) ഈ കെട്ടിടങ്ങൾ വിട്ടുകൊടുക്കാത്തതെന്തുകൊണ്ടാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) ഈസ്റ്റ് രംഗവിലാസം കൊട്ടാരം, പഴയ നിത്യചെലവ് ബിൽഡിംഗ്, റോഡ് സൈഡ് ബംഗ്ലാവ് തുടങ്ങിയ മൂന്ന് കെട്ടിടങ്ങൾ 6597 രൂപ വാടക നൽകി 1974 ജൂലൈ മുതൽ കെ.എസ്.ആർ.ടി.സി. ഉപയോഗിച്ചുവരുന്നു.

(സി) & (ഡി) 1994 ആഗസ്റ്റ് 31-ന് മുമ്പ് ഈ കെട്ടിടങ്ങൾ വിട്ടുകൊടുക്കണമെന്ന് നിർദേശിച്ചുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. റെന്റ് കൺട്രോൾ ആക്ട്പ്രകാരം, ടെമ്പിൾ ട്രസ്റ്റ് നൽകിയ ഒരു കേസ്സിൻമേൽ ഉണ്ടായ പ്രത്യേക അനുമതി അപേക്ഷയിലാണ് ഇങ്ങനെ ഒരു വിധിയുണ്ടായത്. എന്നാൽ കേരള സർക്കാർ ഈ കെട്ടിട സമുച്ചയം കെ.എസ്.ആർ.ടി.സി.ക്കു വേണ്ടി അക്വയർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുകയും അതിൻ പ്രകാരം 1.75 കോടി രൂപ 18-8-1994-ൽ കെട്ടിവച്ചിട്ടുള്ളതുമാണ്. ഇത് സംബന്ധമായി ടെമ്പിൾ ട്രസ്റ്റ്, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹരജി ചെയ്ത ഒ.പി.11726/94 ഡിവിഷൻ ബഞ്ചിന് റഫർ ചെയ്യുകയുണ്ടായി. ഇപ്പോൾ ഈ കേസ് ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിൽ ആണ്.

പന്തളം ഡിപ്പോ വിപുലീകരണം

77 [540] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിന്റെ മുഖ്യസ്ഥലമെന്ന നിലയിൽ പന്തളത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പന്തളം കെ.എസ്.ആർ.ടി.സി. ഡിപ്പോയെ എ.ടി.ഒ. ഓഫീസായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഈ ഡിപ്പോയിലെ പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗിച്ച് ഷോപ്പിംഗ് കോംപ്ലക്സ്, ഡീസൽ പമ്പ്, വിപുലമായ വർക്ക് ഷോപ്പ് മുതലായവ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഇവിടെ നിന്നും കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) തൽക്കാലം പരിഗണനയിലില്ല.

(സി) പന്തളത്തു നിന്ന് ഓപ്പറേറ്റ് ചെയ്യുന്ന 15 സർവ്വീസുകൾക്ക് പുറമെ തൊട്ടടുത്ത ഡിപ്പോ ആയ അടൂരിൽനിന്നും ഒട്ടുമിക്ക സർവ്വീസുകളും പന്തളം

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പോയിൽ കൂടിയാണ് സർവ്വീസ് നടത്തുന്നത്. ധാരാളം പ്രൈവറ്റ് ബസ്സുകളും ഈ മേഖലയിൽ സർവ്വീസ് നടത്തുന്നുണ്ട്. ആയതിനാൽ കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

കണിയാപുരം കെ.എസ്.ആർ.ടി.സി. ഡിപ്പോ

78 [541] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണിയാപുരം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് പ്രസ്തുത ഡിപ്പോയിൽ ഡീസൽ പമ്പ് തുടങ്ങുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നടപടികൾ ഏതുഘട്ടം വരെയായി എന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ ഇതിലേക്കാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണിക്കുന്നുണ്ട്.

(ബി) നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള ലേഔട്ട് മേപ്പ് ചെന്നൈ എക്സ്പ്ലോസീവ്സ് ജോയിന്റ് കൺട്രോളർക്ക് എക്സ്പ്ലോസീവ് അപ്രൂവലിന് വേണ്ടി അയച്ചു കൊടുത്തിരിക്കുകയാണ്. കൂടാതെ ഡീസൽ പമ്പ് സ്ഥാപിക്കുന്നതിന് എൻ.ഒ.സി. നൽകാൻ ജില്ലാ കളക്ടർക്ക് കെ.എസ്.ആർ.ടി.സി. അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്.

എടത്വാ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

79 [542] *ഡോ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വാ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ പ്രതിദിന കളക്ഷൻ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോകളിലെ ശരാശരി പ്രതിദിന കളക്ഷൻ എത്ര എന്ന് വെളിപ്പെടുത്തുമോ;

(സി) ശരാശരിയിൽ ഉയർന്ന കളക്ഷൻ ഉള്ള ദേശസാൽകൃത മേഖലയിലെ സബ് ഡിപ്പോ എന്ന നിലയിൽ എടത്വാ സബ് ഡിപ്പോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എടത്വാ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ ഒരു പൂർണ്ണ സബ് ഡിപ്പോ ആയി നിലനിർത്തുന്നതിനും പരാധീനതകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly